# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1958 15.07.2016-ൽ മറുപടിക്ക്**

**ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി : | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ കേരള ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതമായി കിട്ടിയിരുന്ന തുകയുടെ കുറവ് പദ്ധതി നടത്തിപ്പിനെ കാര്യമായി ബാധിച്ചു. പദ്ധതി നിർമ്മാണത്തിനു വേണ്ട ഭൂമി നിശ്ചിത സമയത്തിൽ ലഭിക്കാതെ വരുന്നതും. പി.ഡബ്ല്യു.ഡി/എൻ.എച്ച്, റെയിൽവെ തുടങ്ങിയ വകുപ്പുകളിൽ നിന്നും റോഡ് കട്ടിംഗിനും ക്രോസിംഗിനുമുള്ള അനുമതികൾ ലഭിക്കുന്നതി നുള്ള കാലതാമസം എന്നിവ ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. |
| ബി അതോറിറ്റിയിൽ ഉല്പാദന ചെലവ് കൂടുന്നതിന്റെയും വരുമാനം കുറയുന്നതിന്റെയും കാരണം എന്തെന്ന് വിശദമാക്കുമോ; | ബി എസ്റ്റാബ്ലിഷ്മെന്റ് ചിലവിലും അറ്റകുറ്റ പണികളിൽ വന്ന വർദ്ധനവും വൈദ്യുതി ചാർജ്ജ് വർദ്ധനയും ഉൽപ്പാദന ചിലവ് വർദ്ധിക്കുന്നതിന് കാരണമായി. വെള്ളക്കര വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. പൈപ്പുകളുടെ കാലപ്പഴക്കം മൂലം ഉണ്ടാകുന്ന പ്രസരണ നഷ്ടവും കുടിവെള്ളത്തിന്റെ പ്രൊഡക്ഷൻ അനുസരിച്ച് ഉൽപ്പാദന ചിലവിന്റെ വർദ്ധനവും നഷ്ടത്തിന്റെ തോത് വർദ്ധിപ്പിക്കുന്നു. |
| സി അടിക്കടിയുള്ള പൈപ്പ് പൊട്ടൽ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി കഴിഞ്ഞ 5 വർഷം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ; | സി സ്കീമുകളുടെ അറ്റകുറ്റപ്പണികൾക്കും പമ്പ് ഹൗസിലെ ഉപയോഗത്തിനായുള്ള കെമിക്കൽ സിനും വേണ്ടി കഴിഞ്ഞ 5 വർഷം ചിലവായ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു. |

| വർഷം | | കോടി രൂപ |
|---|---|---|
| 2011-12 | - | 74.79 |
| 2012-13 | - | 59.95 |

| | | |
|---|---|---|
| 2013-14 | - | 26.44 |
| 2014-15 | - | 61.62 |
| 2015-16 | - | 112.14 |

ഡി കഴിഞ്ഞ 5 വർഷമായി പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; ഇതിൽ ഗാർഹികം തുടങ്ങി വിവിധ വിഭാഗങ്ങളിൽ നിന്നും കിട്ടാനുള്ള തുക എത്ര; വിശദമാക്കുമോ; കഴിഞ്ഞ 5 വർഷക്കാലയളവിൽ എഴുതിത്തള്ളിയതും ഒഴിവാക്കിയതുമായ കുടിശ്ശിക തുക എത്ര;

ഡി

കോടി രൂപ

| | പിരിച്ചെടുക്കേണ്ടിയിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിഞ്ഞു കിട്ടാനുള്ള തുക |
|---|---|---|---|
| Opening Balance | | | 321.21 |
| 2011-12 | 358.29 | 276.35 | 81.94 |
| 2012-13 | 340.39 | 312.54 | 27.85 |
| 2013-14 | 386.36 | 315.17 | 71.19 |
| 2014-15 | 470.65 | 372.73 | 97.92 |
| 2015-16 | 572.24 | 459.91 | 112.33 |

പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപലിശയുമാണ്. വാട്ടർ ചാർജ്ജിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

ഇ വൈദ്യുതി ബോർഡിനും കരാറുകാർക്കും നല്കുവാനുള്ള തുക എത്രയെന്ന് വിശദമാക്കുമോ;

ഇ

| | |
|---|---|
| (1) | 31.03.2016 വരെ വൈദ്യുതി ബോർഡിന് 995.76 കോടി രൂപയാണ് നൽകേണ്ടത്. ഇതിൽ വൈദ്യുതി ബോർഡ് സർക്കാരിലേയ്ക്ക് നൽകേണ്ട 500 കോടി രൂപ വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ കുറവു വരുത്തിയതിനു ശേഷം 495.76 കോടി രൂപയാണ് കുടിശ്ശികയുള്ളത്. |
| (2) | വിവിധ പദ്ധതികളിലേയ്ക്കായി 31.05.2016 വരെ കരാറുകാർക്ക് 322.49 കോടി കുടിശ്ശിക ഉണ്ട്. |

എഫ് 2011 നു ശേഷം കേന്ദ്ര ഫണ്ട് ലഭ്യതയിൽ കുറവുണ്ടായെങ്കിൽ അത്എത്രയെന്നും ഫണ്ട് വർദ്ധിപ്പിക്കാൻ മുൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

എഫ് 2015-16 സാമ്പത്തിക വർഷത്തിൽ 45.28 കോടി രൂപ മാത്രമെ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. മുൻ വർഷങ്ങളിൽ ശരാശരി 168 കോടിയോളം രൂപയാണ് വാട്ടർ അതോറിറ്റിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്ന് കിട്ടിക്കൊണ്ടിരിക്കുന്നത്. കൂടുതൽ തുക അനുവദിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ യഥാസമയം സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ജി | റോഡ് കട്ടിംഗിനായി ഓരോ വർഷവും ചെലവാകുന്ന തുക എത്രയെന്നും റെയിൽവെ മുറിക്കലിനായി (പൈപ്പിടാൻ) ഇതുവരെ റെയിൽവേ അനുമതി നൽകാത്തവ ഏതെല്ലാമെന്നും ഇവയുടെ അനുമതി ലഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; അതോറിറ്റിക്ക് വ്യാവസായിക നിരക്കിൽ വൈദ്യുതി നൽകുന്നത് നഷ്ടം വരുത്തുന്ന ഘടകമായതിനാൽ അത് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ? | ജി | റോഡ് കട്ടിംഗിനായി ഓരോ വർഷവും ചെലവാക്കിയ തുകയും, റെയിൽവെ മുറിക്കലിനായി (പൈപ്പിടാൻ) ഇതുവരെ റെയിൽവെ അനുമതി നൽകാത്ത സ്കീമുകളെക്കുറിച്ചുമുള്ള വിവരങ്ങൾ വിവിധ ഡിവിഷൻ ഓഫീസുകളിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്. മുൻ വർഷങ്ങളിൽ വാട്ടർ അതോറിറ്റിയുടെ വൈദ്യുതി നിരക്കിൽ ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് വൈദ്യുതി ബോർഡിനെ സമീപിച്ചിരുന്നു വെങ്കിലും അത്തരം ഇളവുകൾ ലഭ്യമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ